**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** **04-10-2021 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് 'ഡി' ആംബുലൻസിൽ സുരക്ഷാ ഉപകരണം സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്കായി പുതുതായി വാങ്ങിയ ടൈപ്പ്-ഡി ആംബുലൻസിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിൽ ഉപകരണങ്ങൾക്കും തുകയ്ക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നതിന് അടിസ്ഥാനമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഫയൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നടപ്പുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്കായി പുതുതായി വാങ്ങിയ ടൈപ്പ്-ഡി ആംബുലൻസിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി ഉത്തരവിൽ ഉപകരണങ്ങൾക്കും തുകയ്ക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കണമെന്ന് പരാമർശിച്ചിട്ടുള്ളതിനാൽ ആയത് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രി കൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. കെ.എം.എസ്.സി. എൽ-ൽ ആരോഗ്യ വകുപ്പിലെ വിദഗ്ധ ഡോക്ടർമാർ ഉൾപ്പെടുന്ന സമിതിയാണ് Technical Specification തയ്യാറാക്കുന്നത്. ആയതിനാൽ മേൽ പദ്ധതി പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങളുടെ Specification, estimated rate മുതലായവ ലഭ്യമാക്കുവാൻ കെ.എം.എസ്.സി. എല്ലിനോട് ആവശ്യപ്പെടുകയും അവിടുന്ന് ലഭ്യമായ സ്പെസിഫിക്കേഷനും റേറ്റും പദ്ധതി നടപ്പിലാക്കുന്ന തിനായി ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് വിദഗ്ധ സമിതി പരിശോധിച്ച് അടിയന്തിരമായി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉപകരണങ്ങൾ വാങ്ങാനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുക, പുതിയ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടെങ്കിൽ ആയത് നിർദ്ദേശിക്കുക തുടങ്ങിയ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് കഴിഞ്ഞ പത്ത് മാസത്തിലധികമായി കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും മറുപടി ലഭിക്കുവാനുണ്ടായ കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | മേൽ പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും | (സി) | ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും മറുപടി |

| | | | |
|---|---|---|---|
| | തരത്തിലുള്ള വിഘാതം നിലനിൽക്കുന്നുവെങ്കിൽ ആയതെന്തെന്ന് വിശദമാക്കാമോ; | | ലഭിക്കുവാനുണ്ടായ കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | മറ്റ് തടസ്സങ്ങളില്ല എങ്കിൽ പർച്ചേസ് നിയമങ്ങൾ പാലിച്ച് ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങി ഫിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കാൻ എത്ര സമയം കൂടി വേണ്ടി വരുമെന്ന് വിശദമാക്കാമോ? | (ഡി) | ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും മറുപടി ലഭിക്കുവാനുണ്ടായ കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ